©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ജനുവരി 26<br>26th January 2021<br>1196 മകരം 13<br>13th Makaram 1196<br>1942 മാഘം 6<br>6th Magha 1942 | നമ്പർ<br>No. | 4 |

## PART III

## Notifications by Heads of Departments

# Commissionerate of Land Revenue

(2)

നമ്പർ ബി3-771/2021. 2021 ജനുവരി 18.

ഉടുമ്പൻചോല താലൂക്കിൽ കരുണാപുരം വില്ലേജിൽ ബാലഗ്രാം കരയിൽ മാവിലേത്ത് വീട്ടിൽ പത്മാകരൻ ഗോപാലൻ എന്നയാൾ 8-6-2012-ലും ടിയാൻ ഭാര്യ രാജമ്മ 25-6-2011-ലും മരണമടഞ്ഞിട്ടുള്ളതാണ്. പരേതരുടെ മകൻ സുരേഷ്കുമാർ പരേതരുടെ പിൻതുടർച്ചാവകാശികളെ നിർണ്ണയിക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചിട്ടുണ്ട്. അതിൻപ്രകാരം ബന്ധപ്പെട്ട വില്ലേജാഫീസർ മുഖേന അന്വേഷണം നടത്തിയതിൽ താഴെപ്പറയുന്നവരാണ് പരേതരുടെ അനന്തരാവകാശികളെന്ന് കാണുന്നു.

| ക്രമ നമ്പർ | പേര് | പരേതരുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സുരേഷ്കുമാർ | മകൻ | 43 |
| 2 | ഗിരീഷ്കുമാർ, പി. | ,, | 42 |

(പരേതരുടെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.)

ഈ സാഹചര്യത്തിൽ മുകളിൽ കാണിച്ചിട്ടുള്ളവരാണ് പരേതരുടെ അനന്തരാവകാശികളെന്ന് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആക്ഷേപമുള്ളവർ ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം ഈ ആഫീസിൽ രേഖകളുമായി നേരിട്ട് ഹാജരാകേണ്ടതാണ്. വൈകിയും തപാൽമാർഗ്ഗവും കിട്ടുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ഉടുമ്പൻചോല. തഹശീൽദാർ.

## Peerumede Taluk

### പീരുമേട് തഹശീൽദാരുടെ നടപടിക്രമം

(ഹാജർ : എം. കെ. ഷാജി)

നമ്പർ ജി1/5788/2020. 2020 ഡിസംബർ 15.

വിഷയം:—ഗസറ്റ് പരസ്യം ചെയ്യുന്നതിനുൾപ്പെടെ അനുവദിച്ച സാക്ഷ്യപത്രങ്ങൾ റദ്ദ് ചെയ്യുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) ശ്രീ. അനീഷ്, പി. ജെ. s/o ജോൺസൺ, പുത്തൻപുരയ്ക്കൽ, ഏലപ്പാറ എന്നയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ഏലപ്പാറ വില്ലേജ് ആഫീസർ സമർപ്പിച്ച 9-9-2020, 24-9-2020, 9-10-2020, 23-10-20 എന്നീ തീയതികളിലെ 356/20 നമ്പർ റിപ്പോർട്ടുകൾ.

(2) ഏലപ്പാറ വില്ലേജ് ചാർജ്ജ് ആഫീസർ ശ്രീ. അജിമോൻ, റ്റി. പി., ഡെപ്യൂട്ടി തഹശീൽദാർ സമർപ്പിച്ച 4-11-2020-ാം തീയതിയിലെ അന്വേഷണ റിപ്പോർട്ട്.

(3) ശ്രീ. അനീഷ്, പി. ജെ. s/o ജോൺസൺ, പുത്തൻപുരയ്ക്കൽ, ഏലപ്പാറ എന്നയാൾക്ക് 29-9-2020-ാം തീയതിയിൽ അനുവദിച്ച ജി1-5788/20 നമ്പർ സാക്ഷ്യപത്രം.

(4) ശ്രീ. അഭിലാഷ്, പി. ജെ., s/o ജോൺസൺ, പുത്തൻപുരയ്ക്കൽ എന്നയാൾക്ക് 30-11-2019-ാം തീയതിയിൽ അനുവദിച്ച ജി1-10332/19 നമ്പർ സാക്ഷ്യപത്രം.

(5) കുമാരി മജീഷ, പി. എം. d/o മണി, പുത്തൻപുരയ്ക്കൽ, ഏലപ്പാറ എന്നവർക്ക് 12-7-2018, 18-9-2019 എന്നീ തീയതികളിൽ അനുവദിച്ച യഥാക്രമം ജി1-6740/18, 729/19 നമ്പർ സാക്ഷ്യപത്രങ്ങൾ.

(6) ശ്രീ. മനോജ്, പി. എം. s/o മണി പുത്തൻപുരയ്ക്കൽ, ഏലപ്പാറ എന്നയാൾക്ക് 11-2-2020, 22-2-2020, 9-6-2020 എന്നീ തീയതികളിൽ അനുവദിച്ച ജി1-1054/20 നമ്പർ സാക്ഷ്യപത്രങ്ങൾ.

ക്രിസ്ത്യൻ മുതലിയാർ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന ജാതി തിരുത്തി, ലാറ്റിൻ കാത്തലിക് എന്ന് എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റിൽ ചേർക്കേണ്ടതിലേക്ക് സാക്ഷ്യപത്രം ആവശ്യപ്പെട്ട് പരാമർശം ഒന്ന് കക്ഷി ശ്രീ. അനീഷ്, പി. ജെ. s/o ജോൺസൺ, പുത്തൻപുരയ്ക്കൽ എന്നയാൾ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ, ഏലപ്പാറ വില്ലേജ് ആഫീസർ 9-9-2020, 24-9-2020, 9-10-2020, 23-10-2020 എന്നീ തീയതികളിൽ സമർപ്പിച്ച 356/20 നമ്പർ റിപ്പോർട്ടുകളും, അപേക്ഷയോടൊപ്പം കക്ഷി ഹാജരാക്കിയ രേഖകളും, ഏലപ്പാറ വില്ലേജിന്റെ ചുമതലയുള്ള ഡെപ്യൂട്ടി തഹശീൽദാർ ശ്രീ. അജിമോൻ, റ്റി. പി. വഴി വിശദമായി പരശോധിച്ചതിൽ അപേക്ഷകനായ ശ്രീ. അനീഷ്, പി. ജെ., ക്രിസ്തുമതത്തിൽ ലത്തീൻ കാത്തലിക് വിഭാഗത്തിൽ ഉൾപ്പെടുന്നയാൾ അല്ലെന്ന് വ്യക്തമായിട്ടുണ്ട്. ചാർജ് ആഫീസറുടെ പരാമർശം 2 റിപ്പോർട്ടിൽ അപേക്ഷകന്റെ പൂർവ്വികർ ഹിന്ദുമുതലിയാർ സമുദായക്കാരെന്നും, അപേക്ഷകന്റെ പിതാമഹൻ ശ്രീ. ചെല്ലപ്പന്റെ സഹോദരൻ ശ്രീ. രാജുവും കുടുംബവും ഹിന്ദുമുതലിയാർ ആചാരപ്രകാരം ജീവിക്കുന്നതായും വ്യക്തമാക്കിയിരിക്കുന്നു. അപേക്ഷകന് ക്രിസ്തുമതത്തിൽ ലത്തീൻ കാത്തലിക് സർട്ടിഫിക്കറ്റിന് അർഹതയില്ലെന്ന് വ്യക്തമായതിനെതുടർന്ന് നടത്തിയ പരിശോധനയിൽ അപേക്ഷകൻ ശ്രീ. അനീഷ്, പി. ജെ. യുടെ സഹോദരൻ ശ്രീ. അഭിലാഷ്, പി. ജെ. എന്നയാൾ പരാമർശം പ്രകാരം ലാറ്റിൻ കാത്തലിക് എന്ന് സാക്ഷ്യപത്രം കരസ്ഥമാക്കിയിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. അനീഷ്, പി. ജെ. യുടെ പിതാവ് ശ്രീ. ജോൺസൺ-ന്റെ സഹോദരനായ ശ്രീ. മണിയുടെ മകൻ ശ്രീ. അഭിലാഷ്, പി. ജെ. മകൾ കുമാരി മജീഷ, പി. എം. എന്നിവർ യഥാക്രമം പരാമർശം 4, 5 പ്രകാരം ലാറ്റിൻ കാത്തലിക് എന്ന് സാക്ഷ്യപത്രങ്ങൾ കരസ്ഥമാക്കിയതായി കണ്ടെത്തിയിട്ടുണ്ട്. തെറ്റായ വിവരങ്ങൾ നൽകി കരസ്ഥമാക്കിയ സാക്ഷ്യപത്രങ്ങൾ റദ്ദ് ചെയ്യാതിരിക്കാൻ കാരണം ബോധിപ്പിക്കാൻ പരാമർശം 3 മുതൽ 6 വരെ കക്ഷികൾക്ക് ഏലപ്പാറ വില്ലേജ് ആഫീസർ മുഖാന്തിരം നോട്ടീസ് നൽകിയിരുന്നെങ്കിലും നേരിൽ ഹാജരായി വിശദീകരണം നൽകാൻ തയ്യാറായിട്ടില്ല. കക്ഷികളിലൊരാളായ ശ്രീ. മനോജ്, പി. എം. 27-11-2020-ാം തീയതിയിൽ ടിയാനുൾപ്പെടെയുള്ള നാല് കക്ഷികൾക്ക് വേണ്ടി രേഖാമൂലം സമർപ്പിച്ച വിശദീകരണം പരിശോധിച്ചതിൽ ലാറ്റിൻ കാത്തലിക് എന്ന് ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചിരുന്നത് റദ്ദാക്കാതിരിയ്ക്കാൻ മതിയായ കാരണങ്ങൾ ബോധിപ്പിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ (1) ശ്രീ. അനീഷ്, പി. ജെ. s/o ജോൺസൺ, പുത്തൻപുരയ്ക്കൽ എന്നയാൾക്ക് 29-9-2020-ാം തീയതിയിൽ അനുവദിച്ച ജി1-5788/20 നമ്പർ സാക്ഷ്യപത്രം, (2). ശ്രീ. അഭിലാഷ്, പി. ജെ. s/o ജോൺസൺ, പുത്തൻപുരയ്ക്കലിന് അനുവദിച്ച 30-11-2019-ാം തീയതിയിൽ ജി1-10332/19 നമ്പർ സാക്ഷ്യപത്രം, (3) കുമാരി മജീഷ, പി. എം. D/o മണി, പുത്തൻപുരയ്ക്കൽ, ഏലപ്പാറ എന്നവർക്ക് 12-7-2018, 18-9-2019 തീയതികളിൽ അനുവദിച്ച യഥാക്രമം ജി1-6740/18, 729/19 നമ്പർ സാക്ഷ്യപത്രങ്ങൾ, (4) ശ്രീ. മനോജ്, പി. എം. S/o മണി പുത്തൻപുരയ്ക്കൽ, ഏലപ്പാറ എന്നയാൾക്ക് 11-2-2020 22-2-2020, 9-6-2020 തീയതികളിൽ അനുവദിച്ച ജി1-1054/20 നമ്പർ സാക്ഷ്യപത്രങ്ങൾ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

താലൂക്കാഫീസ്, (ഒപ്പ്)
പീരുമേട്. തഹശീൽദാർ.